# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1186 13.06.2013 ൽ മറുപടിക്ക്

## പീപ്പിൾസ് ബസാറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) | |
| (എ) | സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പ്രധാനപ്പെട്ട നഗരങ്ങളിലുള്ള പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച. അടിയിലധികം വിസ്തീർണ്ണവും മതിയായ വാഹന പാർക്കിംഗ് സൗകര്യവുമുള്ളതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറുകൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന സൗകര്യങ്ങളും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്കും ലഭ്യമാക്കുക എന്നതാണ് പീപ്പിൾസ് ബസാറുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്.<br>ട്രോളികൾ, ആധുനിക രീതിയിലുള്ള റാക്കുകൾ എന്നിവ സജ്ജമാക്കി അവശ്യ സാധനങ്ങൾക്ക് പുറമേ പച്ചക്കറിയും മറ്റ് ഉപഭോക്തൃ ഉത്പന്നങ്ങളും മിൽമ, കയർ ബോർഡ്, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ തുടങ്ങിയ സ്ഥാപനങ്ങളുടെ മികച്ച ഉൽപ്പന്നങ്ങളും ഉൾപ്പെടെ ഒരു കുടുംബത്തിന് ആവശ്യമായവയെല്ലാം ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതു കൂടാതെ ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തെരഞ്ഞെടുക്കുവാനും സാധിക്കുന്നു. കൂടാതെ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളും ലഭ്യമാണ്. |
| (സി) | ഉപഭോക്താക്കൾക്ക് ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ? | | |

Beenan

സെക്ഷൻ ഓഫീസർ